LIBRARY ARCHIVES Kerala Legislative Assembly

അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കൽ

18 (3111) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് 3-12-2011 തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. എ.ഡി.ആർ. സംവിധാനങ്ങളായ മീഡിയേഷൻ, ആർബിട്രേഷൻ തുടങ്ങിയവ വഴി വിഷയങ്ങൾ വ്യവഹാരങ്ങൾ കൂടാതെ ഒത്തുതീർപ്പാക്കുക എന്നതും ഇതിൽ ലക്ഷ്യമിടുന്നു. കൂടാതെ കേസ്സുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാരനയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പതിനൊന്ന് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽകൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ്

19 (3112) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് ആരംഭിക്കുന്നതിന് എന്നാണ് തീരുമാനിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോംപ്ലക്സ് നിർമ്മാണത്തിനായി ഈ സർക്കാർ എത്ര തുക വകയിരുത്തി; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് ആരംഭിക്കുന്നതിന് 925 ലക്ഷം രൂപയുടെ ഭരണാനുമതി 31-3-2012-ലെ ജി. ഒ. (ആർടി.) 565/2012/PWD. പ്രകാരം നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്ലാൻ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly